## **സർക്കുലർ**

127/4/NSS/DHSE/2017 20/10/2017

**"അക്ഷരദീപം വിജ്ഞാന കൈരളി വായനക്കൂട്ട"** ത്തിന്റെ ജില്ലാതല അദ്ധ്യാപക പരിശീലനം ഏറെക്കുറെ പൂർത്തീകരിച്ചിരിക്കുകയാണ്. പദ്ധതിയുടെ രണ്ടാംഘട്ടമായ സ്കൂൾതല വായനക്കൂട്ടങ്ങളുടെ രൂപീകരണത്തിന്റെ മുന്നോടിയായി എല്ലാ ഒന്നാംവർഷ ഹയർ സെക്കണ്ടറി ക്ലാസ്സുകളിലും പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സഹായത്തോടെ വായനക്കൂട്ടത്തെ സംബന്ധിച്ച ബോധവൽക്കരണം നടത്തേണ്ടതാണ്. 21/10/2017 ന് ഒന്നാം വർഷ വോളണ്ടിയർമാരും തൽപരരായ മറ്റു വിദ്യാർത്ഥികളും സ്കൂളിൽ ഒത്തുചേർന്ന് അന്നേ ദിവസം വായനക്കൂട്ട ദിനമായി ആഘോഷിക്കേണ്ടതും സ്കൂൾതല വായനക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടതുമാണ്. വായനക്കൂട്ടങ്ങളുടെ നാമകരണവും ഔദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പും അന്നേദിവസം പൂർത്തിയാക്കേണ്ടതും ഓരോ യൂണിറ്റിലും രൂപീകരിക്കപ്പെട്ട വായനക്കൂട്ടങ്ങളുടെ എണ്ണവും അംഗങ്ങളായ വിദ്യാർത്ഥികളുടെ എണ്ണവും ജില്ലാ കൺവീനർ മുഖാന്തിരം എൻഎസ്എസ് സെല്ലിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ അന്നേ ദിവസം രാവിലെ 10.30 ന് ഹയർ സെക്കണ്ടറി ഡയറക്ടർ നൽകുന്ന സന്ദേശം എല്ലാ വിദ്യാർത്ഥികളെയും കേൾപ്പിക്കേണ്ടതാണ്. ഓഡിയോ ക്ലിപ്പുകൾ ജില്ലാകൺവീനർമാർ മുഖാന്തിരം യൂണിറ്റുകളിൽ എത്തിക്കുന്നതാണ്.

വായനക്കൂട്ടങ്ങളുടെ വിപുലീകരണം, പ്രവർത്തന ഫണ്ട് സമാഹരണം തുടങ്ങിയവ ഒക്ടോബർ 30 ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ